(Pages : 4) **M – 1321**

**Reg. No. : ............................**

**Name : .................................**

## Fifth Semester B.A. Degree Examination, December 2021

## First Degree Programme under CBCSS

## Malayalam : Language, Culture and Literature

## Core Course VII

## ML 1542 : ചെറുകഥാപഠനം

## (2014, 2016 & 2017 Admission)

Time : 3 Hours Max. Marks : 80

I. എല്ലാ ചോദ്യത്തിനും **ഒരു** വാക്കിലോ **രണ്ടു** വാക്യത്തിലോ ഉത്തരം എഴുതുക.

1. ഏതു മാസികയിലാണ് 'വാസനാവികൃതി' ആദ്യം പ്രസിദ്ധീകരിച്ചത്?

2. ഒ. ചന്തുമേനോന്റെ ജീവചരിത്രം രചിച്ച് ശ്രദ്ധേയനായ എഴുത്തുകാരൻ ആരാണ്?

3. അദ്ധ്യാപകരുടെ ധർമ്മസങ്കടങ്ങൾ കഥയ്ക്ക് വിഷയമാക്കിയ കഥാകൃത്ത് ആര്?

4. പി.സി. കുട്ടിക്കൃഷ്ണൻ ഏതു തൂലികാനാമത്തിലാണ് സാഹിത്യരചന നടത്തിയിരുന്നത്?

5. 'എന്റെ കഥ' എഴുതിയതാര്?

6. പയ്യൻ എന്ന കഥാപാത്രം ആരുടെ സൃഷ്ടിയാണ്?

7. കുഞ്ഞിമോൻ ചെകുത്താനെ പരാജയപ്പെടുത്തിയത് എങ്ങനെ?

P.T.O.

8. മാർത്തയ്ക്ക് കുണ്ടംകുഴി രാമകൃഷ്ണനെ പരിചയപ്പെടുത്തിയത് ആരായിരുന്നു?

9. 'ബോർഹസ് കഥകൾ' മലയാളത്തിലേക്ക് വിവർത്തനം ചെയ്തത് ആര്?

10. 'ഉമ്പർട്ടോ എക്കോ' എന്ന ചെറുകഥയുടെ രചയിതാവ് ആര്?

**(10 × 1 = 10 Marks)**

II. **ഒരു** ഖണ്ഡികയിൽ കവിയാതെ ഏതെങ്കിലും **എട്ടു** ചോദ്യത്തിന് ഉത്തരം എഴുതുക.

11. ''ഈ കല്ലു കണ്ടപ്പോൾ നവലോകം ആദ്യമായി കണ്ട സമയത്ത് ആ മഹാപുരുഷനുണ്ടായ സന്തോഷത്തേക്കാൾ ആമോദം എനിക്കുണ്ടായി'' - സന്ദർഭം എഴുതുക.

12. ''പറങ്ങോടൻ നായരുടെ തല ആ വക അപകടങ്ങളുടെ സ്വഭാവത്തെ വിളംബരപ്പെടുത്തുന്ന ഒരു മാതൃകയായി കണക്കാക്കാം.'' - എങ്ങനെയെന്നു വിവരിക്കുക.

13. വേലുവിന്റെ റിക്ഷായുടെ പ്രത്യേകതകൾ എഴുതുക.

14. മഖൻസിങ്ങ് അമ്മയെയും മകളെയും സഹായിക്കാൻ തയ്യാറായത് എന്തുകൊണ്ട്?

15. ''നീയ്യാ ഇബടെ വേലക്കാരി. അതോ ഞാനോ'' - ആര്, ആരോട് എപ്പോൾ പറയുന്നതാണ് ഈ വാക്കുകൾ?

16. പയ്യൻ സിഗററ്റ് വലി ചുരുക്കില്ല എന്നതിനു കാരണമായി പറയുന്നത് എന്തെല്ലാം?

17. ചെകുത്താൻ പുഞ്ചിരിക്കാനായി അമ്മ എന്ത് ഉപദേശമാണ് നല്കിയത്?

18. കുഞ്ഞിന്റെ ജഡം ഘാതകി ആറ്റിൽ കൊണ്ടിടാൻ കാരണം എന്ത്?

19. തീവണ്ടിയിലിരുന്ന സ്മിതയ്ക്ക് പ്രകൃതിദൃശ്യങ്ങൾ ആസ്വദിക്കാൻ സാധിക്കാതായത് എന്തുകൊണ്ട്?

20. 'അപ്പനീ കാണിച്ച പണി, ഒരപ്പനും മക്കളോട് കാണിക്കാൻ പാടില്ലാത്തതാണ്' - വ്യക്തമാക്കുക.

21. 'പരാജയപ്പെട്ടെങ്കിലും വിപ്ലവങ്ങൾ കണ്ണു തുറപ്പിക്കുന്നു' എന്നു മാർത്ത പറയുന്നതെപ്പോൾ?

22. കുട്ടികൾ ഉറങ്ങിയിട്ടേ യാത്ര തിരിക്കാൻ പറ്റൂ എന്ന് അച്ഛൻ ചിന്തിക്കുന്നതെന്തുകൊണ്ട്?

**(8 × 2 = 16 Marks)**

III. **നൂറ്റിയിരുപതു** വാക്കിൽ കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിന് ഉത്തരം എഴുതുക.

23. ആദ്യകാലകഥകളുടെ പൊതുസ്വഭാവങ്ങൾ എഴുതുക.

24. ഒരു നിർദ്ധനപിതാവിന്റെ ഹൃദയം കാരൂർ സൂക്ഷ്മമായി ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ?

25. ''ഓർക്കുന്നതിനേക്കാൾ അധികം മറക്കുന്നവരാണ് മനുഷ്യർ'' - വ്യക്തമാക്കുക.

26. ''പെണ്ണായി ജനിച്ചാൽ നരകം തന്നെ. പെണ്ണായി ജനിക്കാതിരിക്കയാണ് ഭേദം.'' - സന്ദർഭം വിശദീകരിക്കുക.

27. ''നമ്മൾ ഭാഷാവിപ്ലവകാരികളാകണം. അതാണ് യഥാർത്ഥ റൊമാന്റിസിസം.'' - ആശയം വിശദമാക്കുക.

28. ''മറ്റുള്ളവർ അഭിനയിക്കുന്ന കപടജീവിതത്തിന് നേരെയുള്ള കടുത്ത പുച്ഛമാണ് 'ജനനി'യിലെ നായികയ്ക്കുള്ളത്.'' - പരിശോധിക്കുക.

29. മൂർക്കോത്തു കുമാരന്റെ കഥകളുടെ സവിശേഷതകൾ 'നരിയെ കൊന്ന വെടി' എന്ന കഥയെ ആസ്പദമാക്കി വിവരിക്കുക.

30. കഥാകൃത്ത് സ്വപ്നത്തിൽ കണ്ട ദ്വാരകയെക്കുറിച്ച് ലഘുവിവരണം തയ്യാറാക്കുക.

31. ''കറുത്ത ഫലിതത്തെ അനാവരണം ചെയ്യുന്ന കഥയാണ് കർണ്ണപർവ്വം.'' - പരിശോധിക്കുക.

**(6 × 4 = 24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉപന്യാസം തയ്യാറാക്കുക.

32. ''നിരുപാധികമായ നന്മ മനുഷ്യനെ ധർമ്മസങ്കടത്തിന്റെ പാരമ്യത്തിലെത്തിക്കുന്ന കാഴ്ചയാണ് മഖൻസിങ്ങിന്റെ മരണം.'' - ചർച്ച ചെയ്യുക.

33. ''ജീവചരിത്രക്കുറിപ്പിലെ ഒരേടു പോലെ വായിച്ചു പോകാവുന്ന ചെറുകഥയാണ് ദ്വാരക'' - ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? വിവരിക്കുക.

34. സ്ത്രീയുടെ അന്തഃസംഘർഷങ്ങളും ധർമ്മസങ്കടങ്ങളും അസംഘടിത എന്ന കഥയിൽ ഗീതാ ഹിരണ്യൻ അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ?

35. പന്ത്രണ്ടാം മണിക്കൂർ എന്ന കഥയ്ക്ക് ഒരു ആസ്വാദനം തയ്യാറാക്കുക.

**(2 × 15 = 30 Marks)**

---